©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2025 ജൂലൈ 30
30th July 2025
1200 കർക്കടകം 14
14th Karkadakam 1200
1947 ശ്രാവണം 8
8th Sravana 1947

നമ്പർ
No.
2816

1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6 -ാം വകുപ്പ് പ്രകാരമുള്ള പരസ്യം

സി - 1033/2024 *2025 ജൂലൈ 30*

കരുനാഗപ്പള്ളി താലൂക്കിലെ തെക്കുംഭാഗം വില്ലേജിലെ ചുവടെ ചേർത്തിരിക്കുന്ന സർവെ നമ്പരുകളിൽപ്പെട്ട ഭൂമിയുടെ സർവെ നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുകയാൽ താഴെ പറയുന്ന വില്ലേജിൽ സർവെ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണെന്നും താഴെ പറയുന്ന സർവ്വെ നമ്പരുകൾ അതിർത്തി തിരിച്ച് സർവെ ചെയ്യുന്നതാണെന്നും 1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താഴെ പറയുന്ന ഭൂമിയിലോ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയൊ സ്ഥലത്ത് ജോലി ചെയ്യുന്ന സർവെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ച് കൊടുക്കുന്നതിനും അതിനോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനു വേണ്ടി ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) എന്ന വകുപ്പ് പ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമിയിൽ അവകാശ ബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടാവുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) എന്ന വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും :-

(എ) സർവെ ചെയ്യുന്നതിന് വേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റിക്കാടുകളോ വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ച് കളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും ;

(ബി) കൊടി പിടിക്കുന്നവരേയും ചെയിൻമാന്മാരേയും നിയോഗിച്ച് അതത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളുകളെ ഏർപ്പെടുത്തണമെന്നും;

(സി) അനുയോജ്യമായ സർവെ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ചവരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെ കൊണ്ട് ചെയ്യിക്കുന്നതും, ആയതിന്റെ ചെലവ് ആക്ടിലും അത് പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ വീഴ്ചവരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്.

<u>ഭൂമിയുടെ വിവരങ്ങൾ</u>

ജില്ല - കൊല്ലം *താലൂക്ക്* - കരുനാഗപ്പള്ളി

വില്ലേജ് - തെക്കുംഭാഗം *ബ്ലോക്ക്* - 21

ക്രമ നമ്പർ	സർവെ നമ്പർ	വിവരണം
1	298/10	
2	298/12	

(ഒപ്പ്)
സ്പെഷ്യൽ തഹസീൽദാർ
എൽ എ നമ്പർ - 2, കൊല്ലം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.07.30 06:58:03 +05:30